മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോർ, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline), ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala@gmail.com

തിയതി : 03-12-2023

## സർക്കുലർ

വിഷയം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) - സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട തുടർ നടപടികൾ– സംബന്ധിച്ച്.

സൂചന: 1. **മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് പരാമർശങ്ങൾ - ആനുവൽ മാസ്റ്റർ സർക്കുലർ 2022-23 ഖണ്ഡിക 10.1.10**

2. **സോഷ്യൽ ഓഡിറ്റ് ഡയറക്ടറുടെ 3-11-2023 തീയതിയിലെ 36/എം.ജി.എൻ.എസ്.എ .എസ്.കെ /2023 നമ്പർ കത്ത്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ സ്വീകരിക്കേണ്ട തുടർനടപടികളെ സംബന്ധിച്ചും എ.റ്റി.ആർ. ക്ലോസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾ **സംബന്ധിച്ചും ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

(1) ആനുവൽ മാസ്റ്റർ സർക്കുലർ ഖണ്ഡിക 10.1.10 പ്രകാരം സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിന്മേൽ ആക്ഷൻ ടേക്കൺ റിപ്പോർട്ട് (എ.റ്റി.ആർ.) ലഭ്യമാക്കി ആയത് പരിശോധിച്ച് 30 ദിവസത്തിനുള്ളിൽ എം.ഐ.എസ്സിൽ അപ് ലോഡ് ചെയ്യേണ്ട ചുമതല ബി.പി.ഒ.മാരിൽ നിക്ഷിപ്തമാണ്. പ്രസ്തുത ആക്ഷൻ ടേക്കൺ റിപ്പോർട്ട് പരിശോധിച്ച് എം.ഐ.എസ്സിൽ (MIS) നിന്നും ഒഴിവാക്കുന്നത് ബ്ലോക്ക് റിസോഴ്സ്പേഴ്സൺമാരുടെ ലോഗിനിൽ നിന്നുമാണ്. എന്നാൽ പ്രസ്തുത ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ബി.പി.ഒ.മാരുടെ വ്യക്തമായ പരിശോധനാ നിർദ്ദേശങ്ങളോ, അഭിപ്രായങ്ങളോ രേഖപ്പെടുത്താതെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ നൽകുന്ന മറുപടി അതേപടി അപ് ലോഡ് ചെയ്ത് എ.റ്റി.ആർ സമർപ്പിക്കുന്ന രീതിയാണ് ബഹുഭൂരിപക്ഷം ബി.പി.ഒ.മാരും അവലംബിക്കുന്നത്. പ്രസ്തുത സാഹചര്യത്തിൽ എ.റ്റി.ആറിന്മേൽ ബി.ആർ.പിമാർക്ക് സമയബന്ധിതമായി തീരുമാനം കൈക്കൊള്ളാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നു. ആയതിനാൽ, ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ ബി.പി.ഒ.മാർ വ്യക്തമായ പരിശോധനാ നിർദ്ദേശങ്ങളോ, അഭിപ്രായങ്ങളോ രേഖപ്പെടുത്തി ആവശ്യമായ രേഖകൾ സഹിതം മാത്രം അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(2) നിർവ്വഹണം നടത്താത്ത പ്രവൃത്തികൾക്ക് തുക നൽകുകയും, CIB സ്ഥാപിക്കാതെ ആയതിനുള്ള തുക പ്രോജക്ടിൽ നിന്നും നൽകുകയും, തുടർന്നുള്ള സോഷ്യൽ ഓഡിറ്റ് പരിശോധന കണ്ടെത്തൽ ഫിനാൻഷ്യൽ മിസ് അപ്രോപ്രിയേഷനിൽ ഉൾപ്പെടുത്തുകയും ബാധ്യതയായി രേഖപ്പെടുത്തുകയും ചെയ്തശേഷം പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് /സി.ഐ.ബി.കൾ സ്ഥാപിച്ച് ATR നൽകി ഫിനാൻഷ്യൽ മിസ് അപ്രോപ്രിയേഷൻ ഒഴിവാക്കി ബി.പി.ഒ.മാർ നൽകുന്ന സാഹചര്യം അംഗീകരിക്കാവുന്നതല്ല.

I/102599/2023

(3) വ്യക്തിഗത ഗുണഭോക്താക്കളുടെ പുരയിടങ്ങളിൽ ഭൂവികസന പദ്ധതി നിർവ്വഹണം നടത്തുമ്പോൾ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പരാമർശിക്കാത്ത വ്യക്തികളുടെ പുരയിടങ്ങളിൽ പ്രവൃത്തി നിർവ്വഹിക്കുകയും, ആയത് എം.ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്യുന്നത് അംഗീകരിക്കാവുന്നതല്ല. മാത്രവുമല്ല എസ്റ്റിമേറ്റിൽ പറയുന്ന പ്രവൃത്തികൾ തന്നെയാണ് വർക്ക് സൈറ്റിൽ ചെയ്തിട്ടുള്ളത് എന്ന് ഉറപ്പാക്കുകയും അളവുകൾ എടുക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാകണം MBook ൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടത്.

(4) കേന്ദ്ര ഗ്രാമവികസന മന്ത്രാലയം 26/10/2023 ൽ പുറപ്പെടുവിച്ചിട്ടുള്ള J-11017/2/2023-RE-VII ഉത്തരവിലെ മാർഗ്ഗനിർദേശങ്ങൾക്ക് അനുസൃതമായി മാത്രമേ ഭൂവികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ പാടുള്ളൂ.

(5) പദ്ധതി പൂർത്തീകരണശേഷം സോഷ്യൽ ഓഡിറ്റ് പരിശോധന ഘട്ടത്തിൽ ഓഡിറ്റ് ഇഷ്യുവായി കൂടുതൽ കാണാൻ സാധിക്കുന്നത് പ്ലാൻ്റേഷൻ പ്രവൃത്തികളും മഴക്കുഴി നിർമ്മാണ പ്രവൃത്തികളും മറ്റു ഭൂവികസന പ്രവർത്തനങ്ങളുമാണ്. മേൽ പ്രവൃത്തികളുടെ കൃത്യമായ നിർവ്വഹണവും എ.എം.സി. പ്രകാരമുള്ള ഡ്യൂറബിലിറ്റിയും, സർവൈവലും ഉറപ്പു വരുത്താനുള്ള കൃത്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(6) ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ പരാമർശിക്കുന്ന പ്രവൃത്തികളിൽ പരാമർശിത പ്രവൃത്തി നിർവ്വഹണം നടത്താതെ മറ്റൊരു പ്രവൃത്തിയുടെ ഫോട്ടോ എടുത്ത് തെറ്റായിട്ട് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യം കണ്ടെത്തിയിട്ടുണ്ട്. ആയത് ഗുരുതര ക്രമക്കേടായി കാണുന്നു. ഇത് ഒഴിവാക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി/ബി.പി.ഒമാർ ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം കേസ് കളിൽ ആയതിൻറെ വ്യക്തിപരമായ ബാധ്യത ഇപ്രകാരം റിപ്പോർട്ട് നൽകുന്ന സെക്രട്ടറി/ബി.പി.ഒമാർ ക്കു് ആയിരിക്കും.

(6) NMMS മസ്റ്റർറോളുകളുടെ കോപ്പി ഫയലിൽ ലഭ്യമാകാത്ത സാഹചര്യം ഒഴിവാക്കാൻ, NMMS മസ്റ്റർറോൾ 15 ദിവസത്തിനുള്ളിൽ പ്രിൻ്റ് എടുത്ത് ഫയലിൽ ഇടുകയോ, ആയതിന്റെ സോഫ്റ്റ് കോപ്പി ഒരു ഫോൾഡറിൽ സൂക്ഷിക്കുകയോ ചെയ്യേണ്ടതാണ്.

(7) സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിന്മേൽ സമയബന്ധിതമായി എ.റ്റി.ആർ ലഭ്യമാക്കേണ്ടതാണ്. നൽകിയ എ.റ്റി.ആറിന്മേൽ കൃത്യത ഉറപ്പു വരുത്താൻ തിരികെ നൽകുന്ന സാഹചര്യത്തിൽ ആയത് കൃത്യത വരുത്തി സമയബന്ധിതമായിത്തന്നെ സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സണ് തിരികെ ലഭ്യമാക്കേണ്ടതുമാണ്.

(8) തുടർച്ചയായുള്ള പ്രക്രിയാ ലംഘനങ്ങൾ (22 പരാമർശിത രേഖകൾ ഫയലിൽ സൂക്ഷിക്കാതിരിക്കൽ, 7 രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാതിരിക്കൽ, റോസ് ഗാർ ദിവസം ആചരിക്കാതിരിക്കുക, പ്രവൃത്തിയിട അനുബന്ധ സൗകര്യങ്ങൾ ലഭ്യമാക്കാതിരിക്കൽ തുടങ്ങിയവ) സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിൽ പരാമർശിച്ചിട്ടും നടപടികൾ കൈക്കൊള്ളാതിരിക്കുകയും തന്മൂലം അവ ആവർത്തിക്കുകയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

Signed by
Nizamudeen A I A S
Date: 03-12-2023 18:40:13
MISSION DIRECTOR

പകർപ്പ് :-

1. എല്ലാ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും
2. എല്ലാ ബി പി ഒ മാർക്കും (അഡ്.വി.സി. മുഖേന)

I/102599/2023

3. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (ജെ.പി.സി. മുഖേന)
4. ഡയറക്ടർ , സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ,കേരളം
6. സ്റ്റേറ്റ് ITP (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു)